# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ആവോലി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ-ഇകെഎം(പി-8)1176/24

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 20/09/2024
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആവോലി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ആവോലി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആവോലി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ:  കെഎസ്എ-ഇകെഎം(പി-8)1176/24

തീയ്യതി:  20/09/2024

## എറണാകുളം ജില്ലയിലെ ആവോലി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ്  **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ്  **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ആവോലി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ  14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഷേർളി പീറ്റർ | ഡെപ്യൂട്ടി ഡയറക്ടർ | 23-07-2024 | 31-07-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 23-07-2024 | 31-07-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

1. ടെസ്സി എം, ഓഡിറ്റ് ഓഫീസർ
2. ഷൈബി ഇ ഡി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3. സൗരഭ് സി, സീനിയർ ഗ്രേഡ് ഓഡിറ്റർ
4. നബീൽ മുഹമ്മദ് അബ്ബാസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ഷെൽമി ജോൺസ് | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീമതി ദീപകുമാരി എം കെ | സെക്രട്ടറി | 01-04-2023 | 02-05-2023 |
| ശ്രീ വി ആർ മനോജ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-05-2023 | 21-07-2023 |
| ശ്രീ മനു എസ് | സെക്രട്ടറി | 22-07-2023 | 23-11-2023 |
| ശ്രീ ബാബുജി ടി എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 24-11-2023 | 14-12-2023 |
| ശ്രീ കാർത്തികേയൻ വി | സെക്രട്ടറി | 15-12-2023 | 15-03-2024 |
| ശ്രീ ബാബുജി ടി എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 16-03-2024 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ വി ആർ മനോജ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 13-10-2023 |
| ശ്രീ ആൻസൺ ഷൈജു പി പി | അസിസ്റ്റന്റ് സെക്രട്ടറി ഇൻ ചാർജ് | 14-10-2023 | 18-10-2023 |
| ശ്രീമതി അഭിജ സി എ | അസിസ്റ്റന്റ് സെക്രട്ടറി | 19-10-2023 | 09-11-2023 |
| ശ്രീ ആൻസൺ ഷൈജു പി പി | അസിസ്റ്റന്റ് സെക്രട്ടറി ഇൻ ചാർജ് | 10-11-2023 | 20-11-2023 |
| ശ്രീ ബാബുജി ടി എസ് | അസിസ്റ്റന്റ് സെക്രട്ടറി | 21-11-2023 | 31-03-2024 |
| ശ്രീമതി ബിജി പി എം | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2023 | 09-07-2023 |
| ശ്രീ ജയ്മോൻ കെ ആർ | അസിസ്റ്റന്റ് എഞ്ചിനിയർ | 10-07-2023 | 31-03-2024 |
| ശ്രീ മഞ്ജുഷ് ജോസഫ് | വി ഇ ഒ, ആനിക്കാട് സർക്കിൾ | 01-04-2023 | 31-03-2024 |
| ശ്രീ മഞ്ജുഷ് ജോസഫ് | വി ഇ ഒ, ആവോലി സർക്കിൾ(ചാർജ്) | 01-04-2023 | 08-02-2024 |
| ശ്രീമതി ഹരിത പി എച്ച് | വി ഇ ഒ, ആവോലി സർക്കിൾ | 09-02-2024 | 31-03-2024 |
| ഡോ. പ്രീതി പീറ്റർ | മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യ കേന്ദ്രം | 01-04-2023 | 31-03-2024 |
| ഡോ.മിനി സി ആർ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2023 | 24-06-2023 |

| | | | |
|---|---|---|---|
| ഡോ.മിനിമോൾ കെ ആർ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 25-06-2023 | 10-09-2023 |
| ഡോ.ജോർളിൻ ജോസ് | മെഡിക്കൽ ഓഫീസർ, ആയുർവേദം | 11-09-2023 | 31-03-2024 |
| ഡോ.എമിൽ പി എ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2023 | 31-03-2024 |
| ഡോ.ബോബി പോൾ | വെറ്ററിനറി സർജൻ | 01-04-2023 | 29-02-2024 |
| ഡോ.ആഷ എബ്രഹാം | വെറ്ററിനറി സർജൻ | 01-03-2024 | 31-03-2024 |
| ശ്രീ ഷാജി ഇ കെ | കൃഷി ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീമതി അമ്പിളി അഗസ്റ്റിൻ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ശ്രീമതി ജെസ്സി ജോസഫ് | ഹെഡ്മിസ്ട്രസ്സ് | 01-04-2023 | 31-08-2023 |
| ശ്രീമതി മഞ്ജു ഷാജി | ഹെഡ്മിസ്ട്രസ്സ് | 01-09-2023 | 10-09-2023 |
| ശ്രീ സാബു എം കൊട്ടാരം | ഹെഡ്മാസ്റ്റർ | 11-09-2023 | 31-03-2024 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ ന്യൂനത | 1-1-1 |
| 2 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 3 | അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-2 |
| 4 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് തുക രേഖപ്പെടുത്തിയതിൽ വ്യത്യാസം | 1-1-3 |
| 5 | വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല. | 1-1-4 |
| 6 | ബാങ്ക് നീക്കിയിരിപ്പിൽ മൈനസ് ബാലൻസ് | 1-1-5 |
| 7 | സംരക്ഷണ ഗ്രാന്റിൽ നിന്നും മൂലധനചെലവുകൾ രേഖപ്പെടുത്തി | 1-1-6 |
| 8 | വരവിനങ്ങളുടെ ഡി സി ബി കൃത്യമല്ല | 1-1-7 |
| 9 | ബജറ്റ് | 1-2 |
| 10 | സാമ്പത്തിക വിശകലനം | 1-3 |
| 11 | ഗ്രാന്റ് വിനിയോഗം | 1-4 |
| 12 | പദ്ധതി അവലോകനം | 1-5 |
| 13 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 14 | ക്ഷേമപദ്ധതികൾ | 1-7 |
| 15 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 16 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 17 | മാലിന്യസംസ്ക്കരണം-ഹരിതകർമ്മസേനയിലൂടെ | 1-10 |
| 18 | വാണിജ്യ സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു. | 1-11-1 |
| 19 | വാർഷിക ധനകാര്യ പത്രിക വിവരങ്ങൾ ലൈസൻസ് രജിസ്റ്ററുകളിലെ വിവരങ്ങളുമായി പൊരുത്തപെടുന്നില്ല. | 1-11-2 |
| 20 | IFTE&OS ലൈസൻസ് ഫീസ് – അപാകതകൾ | 1-11 |
| 21 | സ്ഥാപനങ്ങളുടെ ഡാറ്റാ ബേസ് നിലവിലില്ല | 1-12-1 |
| 22 | ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-12-2 |

| | | |
|---|---|---|
| 23 | മുൻകൂറായി ലഭ്യമായ സ്ഥാപന തൊഴിൽ നികുതി അക്കൗണ്ട് ചെയ്യതിലെ അപാകതകൾ | 1-12-3 |
| 24 | തൊഴിൽ നികുതി ഡി.സി.ബി.(ഡിമാന്റ്, കളക്ഷൻ, ബാലൻസ്) വിവരങ്ങൾ അവ്യക്തമായി നിലനിൽക്കുന്നു. | 1-12-4 |
| 25 | തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ് | 1-12 |
| 26 | വാണിജ്യ സ്ഥാപനം പ്രവർത്തിക്കുന്ന കെട്ടിടത്തിന് തെറ്റായ ഉപയോഗക്രമത്തിൽ വസ്തു നികുതി ഈടാക്കുന്നു. | 1-13 |
| 27 | രസീത് കാര്യക്ഷമമായി കൈകാര്യം ചെയ്യേണ്ടതാണ്. | 1-14 |
| 28 | ജലജീവൻ മിഷൻ കരാറുകാരനിൽനിന്ന് റോഡ് റെസ്റ്റോറേഷനുള്ള തുക ഈടാക്കിയിട്ടില്ല | 1-15 |
| 29 | ലൈഫ് പദ്ധതി - വീട് പണി പൂർത്തീകരിച്ചിട്ടില്ല | 1-16 |
| 30 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | 1-17 |
| 31 | മഴക്കാലപൂർവ്വ ശുചീകരണം-മുൻകൂർ ക്രമീകരിച്ചില്ല | 1-18 |
| 32 | സർക്കാർ ഉത്തരവിന് വിരുദ്ധമായി ഡ്രൈവർക്ക് യാത്രാബത്ത അനുവദിച്ചു. | 1-19 |
| 33 | വെള്ളക്കരം കുടിശ്ശിക ക്രമീകരിക്കേണ്ടതാണ്. | 1-20 |
| 34 | ഇലക്ഷൻ നിക്ഷേപം മുതൽക്കൂട്ടിയില്ല | 1-21 |
| 35 | പൊതുടാപ്പ് പൂട്ടൽ പ്രൊജക്ട്- അപാകതകൾ | 1-22 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികളുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |

| | | |
|---|---|---|
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കുവാൻ ശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1-1 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ ന്യൂനത

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 23-24 കാലയളവിലെ "Net Increase (Decrease) In Cash And Cash Equivalent" ആയി രേഖപ്പെടുത്തിയിട്ടുള്ളത് ₹1506454.00 ആണ്. എന്നാൽ ഇതേ പത്രികയിലെ "Net Cash Generated By Operating + Investing+ Financing Activity" ആയി രേഖപ്പെടുത്തിയിട്ടുള്ളത് ₹11366388.00 ആണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാന്റേർഡ് പ്രകാരം ഈ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും ലഭ്യമാക്കിയ ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ഈ തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-1 ഓഡിറ്റ് സാക്ഷ്യപത്രം

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് **14.06.2024 ലെ 2-ാം** നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി **21.06.2024** തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ആവോലി ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2024 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും **31.03.2024** തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച

ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**<u>വിശേഷണങ്ങളോടു കൂടിയ അഭിപ്രായം</u>** അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, **ആവോലി** ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : എറണാകുളം

തീയതി : 20.09.2024 ഡെപ്യൂട്ടി ഡയറക്ടർ

## 1-1-2 അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ [കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 62(എഫ്)] ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-3 ധനകാര്യ കമ്മീഷൻ ഗ്രാന്റ് തുക രേഖപ്പെടുത്തിയതിൽ വ്യത്യാസം

കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് -Tied Fund (ഹെഡ് കോഡ് 320200113) വാർഷിക ധനകാര്യ പത്രികയിൽ ചേർത്തിട്ടുള്ള ചെലവ് ₹3220206.00, നീക്കിയിരിപ്പ് ₹437735.00 എന്നിങ്ങനെയാണ്. എന്നാൽ യഥാർത്ഥ ചെലവ് ₹3212375.00, യഥാർത്ഥ നീക്കിയിരിപ്പ് ₹445566.00 എന്നിങ്ങനെയാണ്.

## 1-1-4 വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

വസ്തുനികുതിയുടെ വാർഷിക ധനകാര്യപത്രികയിലെ കണക്കുകളും, സഞ്ചയ-യിലെ കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-1-5 ബാങ്ക് നീക്കിയിരിപ്പിൽ മൈനസ് ബാലൻസ്

സംയുക്ത പ്രൊജക്ടുകൾക്കായുള്ള LGTSB (01192) അക്കൗണ്ടിന്റെ നീക്കിയിരിപ്പ് (-) ₹12,888/- ആയി ബാലൻസ് കാണിക്കുന്നു.

## 1-1-6 സംരക്ഷണ ഗ്രാന്റിൽ നിന്നും മൂലധനചെലവുകൾ രേഖപ്പെടുത്തി

സംരക്ഷണ ഗ്രാന്റ് വിനിയോഗിക്കേണ്ടത് സംരക്ഷണ പ്രവൃത്തികൾക്കും മറ്റുമാണ്. സംരക്ഷണ പ്രവൃത്തികൾക്ക് വിനിയോഗിക്കുന്ന തുകകൾ റവന്യൂ ചെലവായാണ് അക്കൌണ്ട്സിൽ രേഖപ്പെടുത്തേണ്ടത്. എന്നാൽ സംരക്ഷണ ഗ്രാന്റിൽ (റോഡ്) ഓഡിറ്റ് വർഷത്തിൽ ₹1601709.00 മൂലധന ചെലവായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-1-7 വരവിനങ്ങളുടെ ഡി സി ബി കൃത്യമല്ല

തൊഴിൽ നികുതി, FTEAOS ലൈസൻസ് മുതലായ വരവിനങ്ങളുടെ ഡി സി ബി രജിസ്റ്ററുകളിലും വാർഷിക ധനകാര്യ പത്രികയിലും വ്യത്യാസപ്പെട്ടിരിക്കുന്നു.

## 1-2 ബജറ്റ്

ആവോലി ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള ബജറ്റ് എസ്റ്റിമേറ്റ് 08.03.2023 ലെ 1-ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് പാസ്സാക്കിയിട്ടുണ്ട്. പഞ്ചായത്ത് കമ്മിറ്റി 24.01.2024 ലെ 1-ാം നമ്പർ തീരുമാനപ്രകാരം ബജറ്റ് റിവൈസ് ചെയ്ത് അംഗീകരിച്ചിട്ടുണ്ട്.

| ബജറ്റ് എസ്റ്റിമേറ്റ് | ബജറ്റ് (റിവൈസ്ഡ്) |
|---|---|
| മുന്നിരുപ്പ് | ₹15624931.00 |
| വരവ് | ₹193036859.00 |
| ആകെ | ₹208661790.00 |
| ചെലവ് | ₹204306185.00 |
| നീക്കിയിരുപ്പ് | ₹4355605.00 |

കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 214 ൽ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ബജറ്റ് നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും സർക്കാർ അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും വിധേയമായി തയ്യാറാക്കുന്നതിനും ആയതിന് അനുമതി നൽകുന്നതിനും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ബജറ്റ് ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരുപ്പ് | : | ₹22828114.00 |
| ഓഡിറ്റ് വർഷത്തെ വരവ് | : | ₹41287026.00 |
| ആകെ | : | ₹64115140.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | : | ₹39780572.00 |
| നീക്കിയിരുപ്പ് | : | ₹24334568.00 |

ഓഡിറ്റ് വർഷത്തെ ആകെ വരവ് ആകെ ചെലവ് എന്നിവ വാർഷിക ധനകാര്യപത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ടിൽ നിന്നും എടുത്തിട്ടുള്ളതാണ്. ഈ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത വരവുകൾ തുടർന്നു വരുന്ന ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | ചെലവഴിക്കാതെ ലാപ്സായ തുക (₹) | നീക്കിയിരുപ്പ് തുക (₹) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | - | 12280000 | 12280000 | 10364706 | 1915294 | - |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട് (എസ്.സി.പി) | - | 2623000 | 2623000 | 1809451 | 813549 | - |
| വികസന ഫണ്ട് (ടി.എസ്.പി) | - | 114000 | 114000 | 75000 | 39000 | - |
| സംരക്ഷണഗ്രാന്റ് (റോഡ്) | - | 8214000 | 8214000 | 2524482 | 5689518 | - |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | - | 2445400 | 2445400 | 1930779 | 514621 | - |
| ധനകാര്യകമ്മീഷൻ അവാർഡ് (Basic Grant) | 1129853 | 2033000 + 70267 (പലിശ) | 3233120 | 2096410 | - | 1136710 |
| ധനകാര്യകമ്മീഷൻ അവാർഡ്(Tied) | 2132941 | 1525000 | 3657941 | 3212375* | - | 445566 |
| ഐ.സി.ഡി.എസ്. 320100196 | 651021 | 1369785 | 2020806 | 942470 | - | 1078336 |
| അങ്കണവാടി നെയിം ബോർഡ് 320200399 | 11862 | 0 | 11862 | 0 | - | 11862 |
| സ്വച്ഛ് ഭാരത് അഭിയാൻ 320100174 | 0 | 823908 | 823908 | 823908 | - | 0 |
| ശുചിത്വമിഷൻ 320100198 | 276381 | 0 | 276381 | 217800 | - | 58581 |
| Health Grant – Support For Diagnostic Infrastructure 320100202 | 23680 | 808023 | 831703 | 585529 | - | 246174 |
| Health Grant – Buildingless Subcentres, PHCs, CHCs 320100201 | 949 | 0 | 949 | 0 | - | 949 |
| Health Grant 320100204 | 0 | 346684 | 346684 | 341000 | - | 5684 |
| ലൈഫ് സ്റ്റേറ്റ് ഷെയർ 320800199 | 90000 | 1900000 | 1990000 | 1990000 | - | 0 |
| ടോട്ടൽ സാനിട്ടേഷൻ – പിബിഐജി 320300103 | 62627 | 0 | 62627 | 0 | - | 62627 |
| സാക്ഷരത 320100197 | 10383 | 302 | 10685 | 0 | - | 10685 |
| വിമുക്തി 320100190 | 16000 | 0 | 16000 | 0 | - | 16000 |

| | | | | | | |
|---|---|---|---|---|---|---|
| ദുരന്ത നിവാരണം 320100195 | 0 | 100000 | 100000 | 0 | | 100000 |
| ലൈഫ് ഭവന നിർമ്മാണം 320100160 | 0 | 2690000 | 2690000 | 2160000 | - | 530000 |
| ഭവനനിധി 320500101 | 3096 | 113 | 3209 | 23 | | 3186 |

കുറിപ്പ്:* അക്കൗണ്ട് മാറി ചെക്ക് നൽകിയതിനാൽ വാർഷിക ധനകാര്യപത്രികയിൽ ₹7831.00 അധികം ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്.

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | പദ്ധതി ചെലവ് ₹ | പൂർണ്ണമായി നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 202 | 88963588 | 40426007 | 102 | 82 | 18 | 50.49 |

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| **ഇനം** | **മുന്നിരുപ്പ്** | **വരവ്** | **ആകെ** | **ചെലവ്** | **നീക്കിയിരുപ്പ്** |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1091 | 86 | 1177 | 1171 | 6 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 9789141 | 9789141 | 9789141 | 0 |
| **ആകെ** | 1091 | 9789227 | 9790318 | 9790312 | 6 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | ₹1554000.00 | 133 |
| വിധവാപെൻഷൻ | ₹6286300.00 | 589 |
| വാർദ്ധക്യകാല പെൻഷൻ | ₹16306800.00 | 1527 |
| വികലാംഗപെൻഷൻ | ₹2183300.00 | 188 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | ₹249000.00 | 24 |

| | | |
|---|---|---|
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | ₹240000 | 8 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.07.2024 തീയതിയിൽ ഉച്ചയ്ക്ക് 3.30 PM സമയത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തി. ക്യാഷ് ബാലൻസ് ₹1250.00 ന്റെ കൃത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. ഓഡിറ്റിനായി ലഭ്യമാക്കിയിട്ടുള്ള വാർഷിക ധനകാര്യപത്രികയിൽ ധാരാളം പിശകുകകൾ കടന്നുകൂടിയിട്ടുണ്ട്. അഡ്വാൻസ്, ഡിമാന്റ്, കളക്ഷൻ വിവരങ്ങൾ കൃത്യമല്ല.

2. തൊഴിൽനികുതി – ഡിമാന്റ് കളക്ഷൻ ബാലൻസ് തയ്യാറാക്കിയതിൽ അപാകതകളുണ്ട്. വാർഷിക ധനകാര്യപത്രിക കൃത്യതയോടും സൂക്ഷ്മതയോടും തയ്യാറാക്കേണ്ടതാണ്.

3. എംജിഎൻആർഇജിഎസ് പദ്ധതികൾ നടപ്പാക്കുമ്പോൾ മോണിറ്ററിംഗ് കൃത്യമായി നടത്തുന്നില്ല.

4. ജലജീവൻ മിഷൻ കരാറുകാരനിൽ നിന്നും പഞ്ചായത്തിന് ലഭിക്കേണ്ട തുകകൾ ഇതുവരെയും ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

## 1-10 മാലിന്യസംസ്കരണം- ഹരിതകർമ്മസേനയിലൂടെ

ആവോലി ഗ്രാമപഞ്ചായത്തിലെ ഖരമാലിന്യ സംസ്കരണം ഹരിത കർമ്മസേനയിലൂടെ നടപ്പാക്കുന്നതിന് 2021 മുതൽ വിവിധ പരിപാടികൾ ഏറ്റെടുത്ത് നടപ്പാക്കി വരുന്നുണ്ട്. പഞ്ചായത്തിലെ ഹരിതകർമ്മസേനയുടെ പ്രവർത്തനം സംബന്ധിച്ച അവലോകനം ചുവടെ ചേർക്കുന്നു.

<u>അടിസ്ഥാന വിവരങ്ങൾ</u>

എറണാകുളം ജില്ലയിൽ മൂവാറ്റുപുഴ ബ്ലോക്ക്പഞ്ചായത്തിലുൾപ്പെട്ട ആവോലി ഗ്രാമപഞ്ചായത്തിന്റെ വിസ്തീർണ്ണം 18.6 ചതുരശ്ര കിലോമീറ്റർ ആണ്. 15760 ജനസംഖ്യയുള്ള പഞ്ചായത്തിൽ 14 വാർഡുകളാണ് ഉള്ളത്. ആൾതാമസമുള്ള 5486 വീടുകളും 353 സ്ഥാപനങ്ങളും ഇവിടെ നിലവിലുണ്ട്. 04.10.2021-ലാണ് ഇവിടെ ഹരിതകർമ്മസേന രൂപീകരിച്ചത്. ഓരോ വാർഡിലും രണ്ട് അംഗങ്ങൾ വീതം 14 വാർഡുകളിലായി ആകെ 28 ഹരിതകർമ്മസേനാംഗങ്ങൾ അജൈവ മാലിന്യം ശേഖരിക്കുന്ന പ്രവൃത്തിയിൽ ഏർപ്പെട്ടിട്ടുണ്ട്.

<u>മാലിന്യ ശേഖരണ കാര്യക്ഷമത</u>

നിത്യജീവിതത്തിന്റെ ഭാഗമായുണ്ടാകുന്ന അജൈവമാലിന്യങ്ങൾ കഴുകി വൃത്തിയാക്കി ഉണക്കി കൈമാറുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്. താഴെ ചേർക്കും വിധം മാലിന്യശേഖരണ കലണ്ടർ തയ്യാറാക്കിയിട്ടുണ്ട്.

| ഇനം | ശേഖരിക്കുന്ന മാസം |
|---|---|
| പഴയ ചെരിപ്പ്, ബാഗ്, തെർമോക്കോൾ | ജനവരി, ഏപ്രിൽ, ജൂലൈ, ഒക്ടോബർ |
| കണ്ണാടി, കുപ്പി, ചില്ല് | ഫെബ്രുവരി, മെയ്, ഓഗസ്റ്റ്, നവംബർ |

| | |
|---|---|
| ഇ-വേസ്റ്റ്, മരുന്ന് സ്ട്രിപ്പുകൾ | മാർച്ച്, ജൂൺ, സെപ്റ്റംബർ, ഡിസംബർ |

പ്ലാസ്റ്റിക്, പേപ്പർ വേസ്റ്റ് എന്നിവ എല്ലാ മാസവും ശേഖരിക്കുന്നുണ്ട്. തയ്യാറാക്കിയ കലണ്ടർ പ്രകാരം ഏറെക്കുറെ മാലിന്യ ശേഖരണം നടന്നുവരുന്നുണ്ട്. മാലിന്യ ശേഖരണം സംബന്ധിച്ച് ജനങ്ങളെ മുൻകൂട്ടി അറിയിക്കുന്നതിന് നോട്ടീസ് വിതരണം ഉൾപ്പെടെയുള്ള മാർഗ്ഗങ്ങൾ അവലംബിച്ചിട്ടുണ്ട്. സ്കൂളുകൾ, കോളേജ് വിദ്യാർത്ഥികൾക്കായി ബോധവൽക്കരണ പരിപാടികൾ നടത്തിയിട്ടുണ്ട്. കോളേജുകളിലെ എൻ എസ് എസ് മുഖാന്തിരം പ്രചരണ പരിപാടികളും പൂച്ചെടി നടീൽ മുതലായ പ്രവൃത്തികളും നടപ്പാക്കിയിട്ടുണ്ട്.

<u>മാലിന്യ വേർതിരിവ് പാലിക്കൽ</u>

വീടുകളിൽ നിന്ന് ശേഖരിക്കുന്ന മാലിന്യം പുനരുപയോഗിക്കാൻ സാധിക്കുന്നവയും അല്ലാത്തവയും എന്ന രീതിയിൽ അവിടെ തന്നെ രണ്ടായി തരംതിരിക്കുന്നുണ്ട്. എം സി എഫിൽ ഒരു സോർട്ടിംഗ് ടേബിൾ ഒരുക്കിയിട്ടുള്ളത് പ്രയോജനപ്പെടുത്തുന്നുണ്ട്. എന്നാലും പൂർണ്ണമായി വേർതിരിക്കുന്നതിനുള്ള സംവിധാനം നിലവിലില്ല. 50% മാത്രമാണ് വേർതിരിവ് നടക്കുന്നത്.

<u>റീസൈക്ലിംഗ്</u>

10 ബോട്ടിൽ ബൂത്തുകൾ വിവിധ ഇടങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. ശേഖരിച്ച കുപ്പിച്ചില്ല് ഒരു സ്വകാര്യ സ്ഥാപനം ഉപയോഗത്തിനായി വാങ്ങിയിട്ടുണ്ട്. സ്വാപ് ഷോപ്പുകൾ പോലുള്ള മറ്റ് സംവിധാനങ്ങളൊന്നും നിലവിൽ ഇല്ല.

<u>കമ്മ്യൂണിറ്റി എൻഗേജ്മെന്റ്</u>

മാലിന്യ സംസ്കരണ രീതികളെക്കുറിച്ച് പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിനായി വിവിധ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. സ്കൂളുകൾ, കോളേജുകൾ എന്നീ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രതിജ്ഞ ചൊല്ലുകയും, ശുചീകരണം നടത്തുകയും, പൂച്ചെടികൾ നടുകയും ചെയ്തിട്ടുണ്ട്. കൂടാതെ പ്ലാസ്റ്റിക് ഉത്പന്നങ്ങളുടെ ഉപയോഗം കുറയ്ക്കുന്നത് സംബന്ധിച്ച് സ്കൂൾ വിദ്യാർത്ഥികൾ ഫ്ലാഷ് മോബ് സംഘടിപ്പിക്കുകയും, ഹരിതസഭ നടത്തുകയും ചെയ്തിട്ടുണ്ട്.

<u>തൊഴിൽ സൃഷ്ടിക്കൽ</u>

2023-24 വർഷം യൂസർ ഫീ ഇനത്തിൽ ₹1639010.00 വരവ് വന്നിട്ടുണ്ട്. ഓരോ അംഗവും കളക്ട് ചെയ്യുന്ന യൂസർ ഫീ-യുടെ 10% കൺസോർഷ്യത്തിൽ നൽകി ബാക്കി 90% ആണ് വേതനമിനത്തിൽ നൽകുന്നത്. പഞ്ചായത്തിലെ 28 ഹരിതകർമ്മസേനാംഗങ്ങൾക്ക് ശരാശരി ₹9000.00 ആണ് പ്രതിമാസം വരുമാനമായി ലഭിക്കുന്നത്. 2022-23-ൽ വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകിയിരുന്നു. അതിന് ശേഷം വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകിയിട്ടില്ല.

<u>അടിസ്ഥാന സൗകര്യവികസനം</u>

മാലിന്യം നീക്കം ചെയ്യുന്നതിന് ഹരിതകർമ്മസേനയ്ക്ക് ഒരു ഇ-ഓട്ടോ നിലവിലുണ്ട്. ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി പ്രത്യേക ഓഫീസ് സൗകര്യം നിലവിലില്ല. വി ഇ ഒ ഓഫീസ് തന്നെയാണ് ഇതിനായി ഉപയോഗിക്കുന്നത്. എം സി എഫ്-ൽ ചെറിയ ഓഫീസ് സൗകര്യം നിലവിലുണ്ട്. 216 ജി ബിന്നുകൾ പഞ്ചായത്ത് മുഖേന നൽകിയിട്ടുണ്ട്.

<u>പാരിസ്ഥിതിക ആഘാതം</u>

പൊതുനിരത്തുകളിലും ഇടങ്ങളിലും മാലിന്യം തള്ളുന്നത് തടയുന്നതിന് എൻഫോഴ്സ്മെന്റ് സ്ക്വാഡ് നിശ്ചിത ഇടവേളകളിൽ പരിശോധനകൾ നടത്തുകയും പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. വിവിധ കേസുകളിലായി ₹50250.00 പിഴയിനത്തിൽ ഈടാക്കിയിട്ടുണ്ട്.

## പരിശീലനവും വികസനവും

ഹരിതകർമ്മസേനാംഗങ്ങൾക്ക് പ്രായോഗിക തലത്തിൽ മാലിന്യസംസ്കരണം, ഹരിതമിത്രം ആപ്ലിക്കേഷൻ എന്നിവ സംബന്ധിച്ച പരിശീലനം എന്നിവ നൽകിയിട്ടുണ്ട്. ഫയർ & റെസ്ക്യൂ വകുപ്പ് മുഖേന തീപിടുത്തം നേരിടുന്നത് സംബന്ധിച്ച പരിശീലനവും നൽകിയിട്ടുണ്ട്.

## ഹരിതകർമ്മസേനാംഗങ്ങളുടെ പ്രവർത്തനം

ഹരിതകർമ്മസേനാംഗങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് എല്ലാ മാസവും റിവ്യൂ മീറ്റിംഗ് നടത്തി വരുന്നുണ്ട്. ഹരിതമിത്രം ആപ്പ് പ്രവർത്തന ക്ഷമമാക്കുന്നതിന് QR കോഡ് പതിപ്പിക്കൽ 90% പൂർത്തിയായിട്ടുണ്ട്.

## നേട്ടങ്ങൾ/പുരസ്കാരങ്ങൾ

കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ സേനാംഗങ്ങളെ ആദരിക്കുന്ന പരിപാടി സംഘടിപ്പിച്ചിരുന്നു.

## മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ (MCF)/റിസോഴ്സ് റിക്കവറി ഫെസിലിറ്റി (RRF)

## അടിസ്ഥാന വിവരങ്ങൾ

പഞ്ചായത്തിൽ നിലവിൽ 2800 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഒരു എം സി എഫ് പ്രവർത്തിക്കുന്നുണ്ട്. സോർട്ടിംഗ് ഏരിയ, ടിപ്പിംഗ് ഏരിയ എന്നിവ ഒരുക്കിയിട്ടുണ്ട്. 6 നൈറ്റ് വിഷൻ നിരീക്ഷണ ക്യാമറകൾ, 2 ഫയർ എക്സ്റ്റിംഗ്വിഷറുകൾ എന്നിവയും സ്ഥാപിച്ചിട്ടുണ്ട്. ശുചിമുറി, ഓഫീസ് സൗകര്യം, കുടിവെള്ളം എന്നിവയും എം സി എഫ്-ൽ ഉണ്ട്.

## 2.മാലിന്യ കൈമാറ്റ കാര്യക്ഷമത

ശേഖരിച്ച അജൈവ മാലിന്യം താഴെ ചേർക്കും വിധം ക്ലീൻ കേരള കമ്പനി ലിമിറ്റഡ്-ന് കൈമാറിയിട്ടുണ്ട്.

| ക്രമ നം. | ഇനം | അളവ് |
|---|---|---|
| 1 | ഗ്ലാസ്സ് മാലിന്യം | ഒരു ലോഡ് |
| 2 | പ്ലാസ്റ്റിക് | 9998 കിലോഗ്രാം |
| 3 | ബാഗ്, ചെരിപ്പ്, മറ്റ് പാഴ് വസ്തുക്കൾ | 6740 കിലോഗ്രാം |
| 4 | റിജക്ടഡ് വേസ്റ്റ് | 22427 കിലോഗ്രാം |

മാലിന്യം കാലതാമസം കൂടാതെ നീക്കം ചെയ്യാൻ സാധിക്കുന്നുണ്ട്.

## 3. മാലിന്യ സംഭരണ ശേഷി

മാലിന്യം സംഭരിക്കുന്ന എം സി എഫിന് 2800 ചതുരശ്ര അടി വിസ്തൃതിയുണ്ട്. പരമാവധി ഒരു മാസം വരെ മാലിന്യം സംഭരിച്ച് സൂക്ഷിക്കാൻ സാധിക്കുന്നത്ര വിസ്തൃതമാണ് എം.സി.എഫ്. എം സി എഫ്-ന്റെ ചിത്രം താഴെ ചേർക്കുന്നു.





4. <u>മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ</u>

തൊഴിലാളികളുടെ സുരക്ഷയും പരിസ്ഥിതി സംരക്ഷണവും ഉറപ്പാക്കിക്കൊണ്ട് മാലിന്യം ഇനം തിരിക്കുന്നതിന് സേനാംഗങ്ങൾക്ക് കൈയുറ, മാസ്ക്, ഹാൻഡ് സാനിറ്റൈസർ, റെയ്ൻ കോട്ട്, ഗംബൂട്ട് എന്നിവ വിതരണം ചെയ്തിട്ടുണ്ട്. ORS, ഫസ്റ്റ് എയ്ഡ് ബോക്സ്, എലിപ്പനിക്ക് എതിരെയുള്ള പ്രതിരോധ മരുന്ന് എന്നിവയും ലഭ്യമാക്കിയിരുന്നു. എം സി എഫ്-ൽ സെഗ്രഗേഷൻ ടേബിൾ, ഫയർ എക്സ്റ്റിംഗ്വിഷർ എന്നിവ സ്ഥാപിച്ചിട്ടുണ്ട്.

5. <u>ശുചിത്വമാനദണ്ഡങ്ങൾ</u>

എം സി എഫ് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 1.20 ഏക്കർ സ്ഥലത്താണ് സ്ഥിതി ചെയ്യുന്നത്. പരിസരത്ത് മലിനീകരണ പ്രശ്നങ്ങളൊന്നും നിലവിലില്ല. കുടിവെള്ള ലഭ്യത, ശുചിമുറി എന്നിവ ഉറപ്പാക്കിയിട്ടുണ്ട്.

6. <u>യഥാസമയം മാലിന്യം കൈയ്യൊഴിയൽ</u>

ക്ലീൻ കേരള കമ്പനി ലിമിറ്റഡ് എന്ന സ്ഥാപനത്തിനാണ് മാലിന്യം കൈമാറുന്നത്. ചില സമയങ്ങളിൽ കാലതാമസം വന്നിട്ടുണ്ടെങ്കിലും മാലിന്യം കെട്ടിക്കിടക്കുന്ന അവസ്ഥ ഉണ്ടായിട്ടില്ല. മാലിന്യം കൈമാറിയതിൽ നിന്നും ₹26695.00 രൂപ ഹരിതകർമ്മസേനയ്ക്ക് ലഭ്യമായിട്ടുണ്ട്.

**<u>ഓഡിറ്റ് നിർദ്ദേശങ്ങൾ:</u>**

സാമ്പത്തിക പുരോഗതിയോടൊപ്പം നഗരവത്ക്കരണവും സംഭവിച്ചതിന്റെ ഫലമായി ഉയർന്നുവന്ന ഏറ്റവും വലിയ വെല്ലുവിളിയാണ് മാലിന്യ സംസ്കരണം. ഇത് നേരിടുന്നതിന് ഹരിതകർമ്മസേനയുടെ പ്രവർത്തനം അതീവ പ്രാധാന്യമുള്ളതാണ്. ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേനാ പ്രവർത്തനങ്ങൾ പ്രശംസനീയമാണ്. ഖരമാലിന്യ ശേഖരണം ഏകോപിപ്പിക്കുന്നതിന് ഹരിതമിത്രം ആപ്പ് 100% പ്രവർത്തനക്ഷമമാക്കുന്നതിന് തുടർനടപടി സ്വീകരിക്കേണ്ടതാണ്. വേർതിരിക്കാത്ത മാലിന്യത്തിന് വില കുറച്ച് മാത്രമാണ് ലഭ്യമാകുന്നതെന്നതിനാൽ സെഗ്രഗേഷൻ 100% ആക്കാൻ സാധിച്ചാൽ വരുമാന വർദ്ധനവിന് ഉപകരിക്കും. ബെയ്ലിംഗ് യൂണിറ്റ്, ഷ്രെഡ്ഡിംഗ് യൂണിറ്റ് എന്നിവ എം സി എഫിൽ

സ്ഥാപിക്കുന്നതും മാലിന്യം കൈകാര്യം ചെയ്യുന്നതിന് സഹായകമാകും. ഹരിതകർമ്മസേനയ്ക്ക് വരുമാനം വർദ്ധിപ്പിക്കുന്നതിന് വീടുകളിൽ ഇനോക്കുലം വിതരണം, പഴയ പത്രം ശേഖരിച്ച് വിൽപ്പന നടത്തൽ, മറ്റ് കൈത്തൊഴിലുകളുടെ പരിശീലനം (ഉദാ: തുണിസഞ്ചി നിർമ്മാണം) എന്നിവ നൽകിയാൽ മാലിന്യ ശേഖരണം നടക്കാത്ത ദിവസങ്ങളിൽ പ്രയോജനം ചെയ്യുന്നതാണ്. നവകേരള നിർമ്മാണത്തിന് മാലിന്യ സംസ്കരണം കാര്യക്ഷമമാക്കുന്ന തരത്തിൽ പ്രവർത്തനം ഏകോപിപ്പിക്കേണ്ടതാണ്.

## 1-11-1 വാണിജ്യ സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ലിയോപോൾ, നെല്ലിപ്പിള്ളിൽ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 4/259/B എന്ന കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ആധുനിക സംവിധാനങ്ങളോടു കൂടിയ മാരുതി നെക്സാ സർവീസ് സെന്റർ എന്ന സ്ഥാപനം, പ്രവർത്തിക്കുന്നതിന് ആവശ്യമായ FATEAOS ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നത് എന്നാണ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും നേരിട്ടുള്ള സ്ഥല പരിശോധനയിൽ നിന്നും വ്യക്തമായത്. തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം ടി സ്ഥാപനത്തിലെ 8 ജീവനക്കാരുടെ 2-ാം അർദ്ധവർഷത്തെ തൊഴിൽ നികുതി 1230163582/01.03.2024 പ്രകാരം ₹7750/- രൂപ ഈടാക്കിയിട്ടുള്ളതാണ്. തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ടെങ്കിലും ലൈസൻസ് ഇല്ലാതെയാണ് സ്ഥാപനം പ്രവർത്തിക്കുന്നതെന്ന കാര്യം അധികൃതർ ശ്രദ്ധിച്ചിട്ടില്ല എന്നത് അപാകതയാണ്. കൂടാതെ വാർഡ് 05 ൽ 313/B,C,D,E എന്നീ കെട്ടിട നമ്പറുകൾ നൽകിയിട്ടുള്ള ഇരു നില കെട്ടിടത്തിൽ സ്ഥിതി ചെയ്യുന്ന ലോറ മാടസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം പ്രവർത്തിക്കുന്നത് ലൈസൻസ് ഇല്ലാതെയാണ് എന്നും രേഖകളിൽ നിന്നും നേരിട്ടുള്ള സ്ഥല പരിശോധനയിൽ നിന്നും വ്യക്തമാണ്. ആയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് ലഭ്യമായ മറുപടിയിൽ ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചു. ഗ്രാമ പഞ്ചായത്തിലെ സഞ്ചയ അസസ്മെന്റ് രജിസ്റ്റർ പ്രകാരം 14 വാർഡുകളിലായി വാണിജ്യാവശ്യത്തിനുള്ളതും മറ്റും 1034 കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ അനുവദിച്ച് വസ്തു നികുതി ഈടാക്കുന്നുണ്ട്. എന്നാൽ 2023-24 ലെ ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന വാണിജ്യസ്ഥാപനങ്ങൾ 271 എണ്ണം മാത്രമാണ്. ഗ്രാമപഞ്ചായത്തിലുള്ള മുഴുവൻ വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതും അനുമതിയില്ലാതെ യാതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തി മേൽ വിവരിച്ച സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസ് ഈടാക്കുന്നതിന് സ്വീകരിച്ച തുടർ നടപടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-11-2 വാർഷിക ധനകാര്യ പത്രിക വിവരങ്ങൾ ലൈസൻസ് രജിസ്റ്ററുകളിലെ വിവരങ്ങളുമായി പൊരുത്തപെടുന്നില്ല.

1. 2022-23 വാർഷിക ധനകാര്യ പത്രികയിലെ I4 Schedule പ്രകാരം ലൈസൻസ് ഇനത്തിൽ പ്രതീക്ഷിത വരവ് ₹2,13,500/- യാണ്. എന്നാൽ 2023-24 വാർഷിക ധനകാര്യ പത്രികയിലെ I4 Schedule പ്രകാരം ലൈസൻസ് ഇനത്തിൽ തൻവർഷ പ്രതീക്ഷിത വരവ് ₹1,66,000/- യാണ്. മുൻ വർഷത്തെ ഡിമാന്റ് തുകയേക്കാൾ കുറവായി തൻവർഷം

വന്നിട്ടുള്ളതിന്റെ കാരണം വ്യക്തമല്ല. സ്ഥാപനങ്ങൾ പൂട്ടിപ്പോയതായി ഓഡിറ്റിൽ ഹാജരാക്കിയ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ഡാറ്റാബേസിൽ രേഖപ്പെടുത്തിയിട്ടുമില്ല.

2. മുൻകൂർ തുകയായി 2022-23 ൽ ലഭ്യമായ വിവരങ്ങൾ തൻ വർഷം വാർഷിക ധനകാര്യ പത്രികയിൽ അക്കൗണ്ട് ചെയ്തിട്ടുള്ളത് കൃത്യമല്ല.

3. രാജു ചാക്കോ/ മെറ്റൽ ക്രഷർ എന്ന ലൈസൻസിയിൽ നിന്നും 121010103899/ 16.03.2022 (സ്റ്റേഷനറി നം. D 0075253) രസീത് നമ്പർ പ്രകാരം ലഭിച്ച തുകയായി ലൈസൻസ് മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത് ₹25000/- ലൈസൻസ് ഫീസും ₹12,500/- തൊഴിൽ നികുതിയുമായി ആകെ ₹37500/- യാണ്. എന്നാൽ ഫയലിൽ നിന്നും ലഭ്യമായ രസീതിന്റെ പകർപ്പിലെ വിവരങ്ങളിൽ ആകെ ₹42040/- ലഭ്യമായിട്ടുള്ളതായി കാണുന്ന, 16.03.2022 തീയതിയിൽ 121010103894 (സ്റ്റേഷനറി നം. D 0075248) രസീത് പ്രകാരം ടി വ്യക്തിയിൽ നിന്നും ആകെ ഈടാക്കിയിട്ടുള്ളത് ₹10510/- യാണ്. ഈ തുകകളും മുൻകൂർ രജിസ്റ്ററിൽ ചേർത്തിട്ടുള്ള തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് 27.07.2024 ൽ നൽകിയ 7-ാം നമ്പർ അന്വേഷണ കുറിപ്പിന് ലഭ്യമായ മറുപടിയിൽ മുൻ/തൻ വർഷങ്ങളിലെ മുൻകൂർ തുകകൾ ക്രമീകരിച്ചതിലുണ്ടായ തെറ്റാണെന്നും രസീതിലെ ഇനങ്ങളിൽ റണ്ണിംഗ് ഓഫ് മെഷിനറി ഫീസ്, അദർ ഫീസ് എന്നിവ ഒഴികെയുള്ള തുകയാണ് വാർഷിക ധനകാര്യ പത്രികയിൽ ചേർത്തിട്ടുള്ളതെന്നും വരുന്ന സാമ്പത്തിക വർഷം ആയത് കൃത്യമായി ക്രമീകരിക്കുന്നതാണെന്നും വിശദീകരിക്കുന്നു. മുൻകൂർ തുകകൾ കൃത്യമായി അക്കൗണ്ട് ചെയ്യേണ്ടതും അനുബന്ധ രേഖകൾ കാലാവധി കഴിയുന്നത് വരെ വേറിട്ട് സൂക്ഷിക്കേണ്ടതുമാണ്. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. തനതുവരുമാന കണക്കുകൾ കൃത്യമായി അക്കൗണ്ട് ചെയ്യാതിരുന്നാൽ ഗ്രാമ പഞ്ചായത്തിന്റെ വരുമാനത്തിൽ കുറവ് ഉണ്ടാകുമെന്നത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-11 IFTE&OS ലൈസൻസ് ഫീസ് – അപാകതകൾ

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം 2023-24 വർഷത്തിൽ ലൈസൻസ് അനുവദിച്ചതിന്റെ ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

## 1-12-1 സ്ഥാപനങ്ങളുടെ ഡാറ്റാ ബേസ് നിലവിലില്ല

തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാരുടെയും, സ്ഥാപനങ്ങളുടെയും വാർഡ് തിരിച്ചുള്ള ഡാറ്റാ ബേസ് നിലവിലില്ല. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിലെ ആദ്യത്തെ പേജിൽ തൊഴിൽ നികുതി ഈടാക്കിയ സ്ഥാപനങ്ങളുടെ വിവരം ക്രമ നമ്പർ പ്രകാരം ചേർക്കുകയാണ് ചെയ്യുന്നത്. തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാരുടെയും, സ്ഥാപനങ്ങളുടെയും വാർഡ് തിരിച്ചുള്ള ഇലക്ട്രോണിക് ഡാറ്റാബേസ് തയ്യാറാക്കേണ്ടതാണ്. ഇതിനായി തൊഴിൽ വകുപ്പ്, ചരക്ക് സേവന നികുതി വകുപ്പ്, വ്യവസായ വകുപ്പ്, ക്ഷേമനിധി ബോർഡുകൾ മുതലായ വകുപ്പുകളിൽ നിന്ന് വിവരങ്ങൾ ശേഖരിക്കാവുന്നതാണ്.

## 1-12-2 ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ലൈസൻസ് രജിസ്റ്റർ പ്രകാരം 2023-24 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്നും 271 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചതായി കാണുന്നു. ലൈസൻസ് അനുവദിച്ച പല സ്ഥാപനങ്ങളിലും കൂടുതൽ ജീവനക്കാർ ഉള്ളതായി ലൈസൻസ് അപേക്ഷയിൽ തന്നെ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ജീവനക്കാരുടെ തൊഴിൽ നികുതി തൊഴിലുടമ മുഖേന ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. രജിസ്റ്ററിൽ നിന്നുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഗവ.സ്ഥാപനങ്ങൾ ഉൾപ്പടെ ആകെ 75 സ്ഥാപനങ്ങളുടെ ലിസ്റ്റ് മാത്രമാണ് നിലവിലുള്ളത്. ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി തൊഴിലുടമ മുഖേന ഡിമാന്റ് ചെയ്ത് ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. തുടർനടപടി സ്വീകരിച്ച് വിശദ വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## <u>1-12-3 മുൻകൂറായി ലഭ്യമായ സ്ഥാപന തൊഴിൽ നികുതി അക്കൗണ്ട് ചെയ്തതിലെ അപാകതകൾ</u>

ഒന്നിലധികം വർഷത്തേക്കായി മുൻകൂറായി ഫീസ് നൽകി 2022-23 കാലയളവിൽ താഴെപ്പറയുന്ന പ്രകാരം ആകെ 4 സ്ഥാപനങ്ങൾ FATEAOS ലൈസൻസ് എടുത്തിട്ടുള്ളതാണ്. ആയതിനോടൊപ്പം സ്ഥാപന തൊഴിൽ നികുതിയും അടച്ചിട്ടുണ്ട്. ലൈസൻസ് മുൻകൂർ രജിസ്റ്ററിൽ നിന്നും മുൻകൂറായി അടവാക്കിയ ആകെ നികുതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ലൈസെൻസിയുടെ പേര്/ സ്ഥാപനത്തിന്റെ പേര് | സ്ഥാപന തൊഴിൽ നികുതി ഇനത്തിൽ മുൻകൂർ അടച്ച ആകെ തുക (₹) | രസീത് നം. /തുക |
|---|---|---|---|
| 1 | രാജു ചാക്കോ/ രാഹുൽ ഗ്രാനൈറ്റ്സ് | 12500/- | 121010103898:-10,000/-<br>121010103892:-2500<br>/16.03.2022 |
| 2 | രാജു ചാക്കോ/ മെറ്റൽ ക്രഷർ | 12500/- | 121010103899:-10000<br>121010103894:-2500<br>/16.03.2022 |
| 3 | സഞ്ജിത്ത് ജോർജ്/ ജിയോ സെൽ | 10000/- | 121010104433/<br>31.03.2022 |
| 4 | സഞ്ജിത്ത് ജോർജ്/ ജിയോ സെൽ മാർക്കറ്റിംഗ് | 7500/- | 121010104431/<br>3103.2022 |
| | ആകെ | ₹42500/- | |

മേൽ വിവരിച്ച ₹42500/- തുക 2022-23 വാർഷിക ധനകാര്യപത്രികയിൽ മുൻകൂറായി ചേർത്തിട്ടുള്ളതിന്റെയും 2023-24 വാർഷിക ധനകാര്യപത്രികയിൽ തൻവർഷ തുക കുറച്ചുള്ള ബാലൻസ് തുക വിവരങ്ങൾ ചേർത്തിട്ടുള്ളതിന്റെയും വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന്(14/31.07.2024) ലഭ്യമായ മറുപടിയിൽ വാർഷിക ധനകാര്യപത്രികകളിൽ തുക വിവരങ്ങൾ ചേർത്തിട്ടുള്ളതിൽ പിശക് സംഭവിച്ചിട്ടുണ്ടെന്നും ആയത് 2024-25 ഹെഡ്ഡിൽ ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതുമാണ് എന്ന് വിവരിക്കുന്നു. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-12-4 തൊഴിൽ നികുതി ഡി.സി.ബി.(ഡിമാന്റ്, കളക്ഷൻ, ബാലൻസ്) വിവരങ്ങൾ അവ്യക്തമായി നിലനിൽക്കുന്നു.

2022-23, 2023-24 വാർഷിക ധനകാര്യപത്രികകളിലെ വിവരങ്ങൾ പട്ടിക (1) ആയും തൊഴിൽ നികുതി രജിസ്റ്ററിലെ വിവരങ്ങൾ പട്ടിക (2) ആയും ചുവടെ രേഖപ്പെടുത്തുന്നു.

| പട്ടിക (1) | | | |
|---|---|---|---|
| ഹെഡ് | ഇനം | 2022-23 വാർഷിക ധനകാര്യ പത്രിക | 2023-24 വാർഷിക ധനകാര്യ പത്രിക |
| ഡിമാന്റ് | | | |
| I-1 | തൊഴിൽ നികുതി – സ്ഥാപനങ്ങൾ | 2,72,045.00 | 12,500.00 |
| | തൊഴിൽ നികുതി – ജീവനക്കാർ | 1,673,598.00 | 1,620,038.00 |
| | തൊഴിൽ നികുതി – ട്രേഡേഴ്സ് | 209,800.00 | 412,240.00 |
| കളക്ഷൻ | | | |
| RP-45 | തൊഴിൽ നികുതി – സ്ഥാപനങ്ങൾ (കറണ്ട്) | 272,045.00 | 12,500.00 |
| | തൊഴിൽ നികുതി – ട്രേഡേഴ്സ് (കറണ്ട്) | 68,200.00 | 213,700.00 |
| RP-35 | അഡ്വാൻസ് കളക്ഷൻ ഓഫ് റെവന്യൂ- തൊഴിൽ നികുതി –സ്ഥാപനങ്ങൾ/പ്രൊഫഷണൽസ്/ ട്രേഡേഴ്സ് | 206,040.00 | 189,590.00 |
| ബാലൻസ് | | | |
| B-9 | അഡ്വാൻസ് കളക്ഷൻ ഓഫ് റെവന്യൂ- തൊഴിൽ നികുതി –സ്ഥാപനങ്ങൾ/പ്രൊഫഷണൽസ്/ ട്രേഡേഴ്സ് | 221,040.00 | 212,090.00 |
| B-15 | തൊഴിൽ നികുതി കുടിശ്ശിക | 0 | 0 |

| പട്ടിക (2) | | |
|---|---|---|
| തൊഴിൽ നികുതി രജിസ്റ്ററിലെ ഡി.സി.ബി. വിവരങ്ങൾ | | |
| | ജീവനക്കാരുടെ തൊഴിൽ നികുതി | സ്ഥാപന തൊഴിൽ നികുതി |
| ഡിമാന്റ് | 412240.00 | 12500.00 |
| കളക്ഷൻ | 412240.00 | 12500.00 |
| ബാലൻസ് | 0.00 | 0.00 |

1). **<u>തൊഴിൽനികുതി – സ്ഥാപനങ്ങൾ</u>** ഇനത്തിൽ 2022-23 വാർഷിക ധനകാര്യ പത്രികയിലെ ഡിമാന്റ് തുകയേക്കാൾ (₹2,72,045/-) കുറവാണ് 2023-24 വാർഷിക ധനകാര്യ പത്രികയിൽ(₹12500/- ) ഡിമാന്റ് ചെയ്തിട്ടുള്ളത്.

2). **<u>തൊഴിൽനികുതി – ജീവനക്കാർ</u>** എന്ന ഇനത്തിൽ 2023-24 വാർഷിക ധനകാര്യ പത്രിക പ്രകാരം ₹1,673,598/- യാണ് ഡിമാന്റ് ചെയ്തിട്ടുള്ളത്. എന്നാൽ പട്ടിക (2) ൽ വിവരിച്ച തൊഴിൽ നികുതി രജിസ്റ്ററിലെ ഡി.സി.ബി. പ്രകാരം ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ ₹412240/- യാണ് വരവായി വന്നിട്ടുള്ളത്. Profession Tax – Traders എന്ന

ഇനത്തിൽ ₹412240/- രൂപ ഡിമാന്റായി രേഖപ്പെടുത്തിയതായും കാണുന്നു.

**3).** 2022-23 വർഷത്തിൽ ആകെ 88 സ്ഥാപനങ്ങൾ(ഗവ. സ്ഥാപനങ്ങൾ ഉൾപ്പടെ) തൊഴിൽ നികുതി അടവാക്കിയിട്ടുണ്ട്. എന്നാൽ തൻവർഷം ആയത് 75 സ്ഥാപനങ്ങൾ(ഗവ. സ്ഥാപനങ്ങൾ ഉൾപ്പടെ) ആയി കുറഞ്ഞതായി കാണുന്നു. ആയതിന്റെ കാരണം വ്യക്തമല്ല. കൂടാതെ തൻവർഷം സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടുള്ളത് ₹1250/- നിരക്കിൽ ആകെ 10 സ്ഥാപനങ്ങളാണ്. മുഴുവൻ സ്ഥാപനങ്ങളിലേയും സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാതെ 10 സ്ഥാപനങ്ങളിൽ നിന്നും ₹1250/- മാത്രമായി ലിമിറ്റ് ചെയ്ത് ഈടാക്കിയതായാണ് തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത് എന്നാൽ FATEAOS ലൈസൻസ് രജിസ്റ്ററിൽ ലൈസൻസ് തുകയോടൊപ്പം ഈടാക്കുന്ന തുകകൾ അക്കൗണ്ട് ചെയ്യുന്നതെങ്ങനെയെന്ന് വ്യക്തമല്ല.

**4).** തൊഴിൽ നികുതി –സ്ഥാപനങ്ങൾ/പ്രൊഫഷണൽസ്/ട്രേഡേഴ്സ് എന്ന ഇനത്തിൽ ആകെ ഡിമാന്റായി 2023-24 വാർഷിക ധനകാര്യ പത്രികയിൽ (പട്ടിക (1)) ൽ രേഖപ്പെടുത്തിയിട്ടുള്ളത് ₹16,32,538/-(12500+1620038)രൂപയാണ്. മുൻവർഷ അഡ്വാൻസ് ഇനത്തിൽ രേഖപ്പെടുത്തിയിട്ടുള്ള തുക (₹221,040/-) യും തൻവർഷ വരവായി ലഭിച്ച തുക(₹2,26,200/-(12500+213700)രൂപ) യും കൂട്ടിയാൽ ആകെ ₹4,47,240/- രൂപയാണ് വരവായി നിലവിൽ ലഭ്യമായിട്ടുള്ളത്. എന്നാൽ ഇനിയും ഈ ഇനത്തിൽ തുക കിട്ടാനുണ്ട് എന്നിരിക്കെ B-15 ഷെഡ്യൂളിൽ കുടിശ്ശിക പൂജ്യമായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കൂടാതെ RP 35 ൽ തൻവർഷം മുൻകൂർ തുകയായി ₹1,89,590/- ലഭ്യമായതായി കാണുന്നു. ടി സാഹചര്യത്തിൽ B9 ഷെഡ്യൂളിൽ മുൻകൂർ തുകയായി ₹2,12,090/- വന്നിട്ടുള്ളതിനും കുടിശ്ശികയിനത്തിൽ പൂജ്യമായി രേഖപ്പെടുത്തിയിട്ടുള്ളത്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് 31.07.2024 ൽ നൽകിയ 14-ാം നമ്പർ അന്വേഷണ കുറിപ്പിന് ലഭ്യമായ മറുപടിയിൽ മുൻകൂർ തുകകൾ ക്രമീകരിച്ചതിലുണ്ടായ തെറ്റാണെന്നും വരുന്ന സാമ്പത്തിക വർഷം ആയത് കൃത്യമായി ക്രമീകരിക്കുന്നതാണെന്നും വിശദീകരിക്കുന്നു.

തൊഴിൽ നികുതി രജിസ്റ്ററിലെ ഡി.സി.ബി. പ്രകാരം ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ ₹412240/- യാണ് വരവായി വന്നിട്ടുള്ളതെങ്കിലും 2023-24 സാമ്പത്തീക വർഷത്തിൽ RP-1 ൽ ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ ₹1,586,288/- വന്നിട്ടുള്ളതായും കാണുന്നു. ആയതിന്റെ അടിസ്ഥാനം വ്യക്തമല്ല. അപാകതകൾ സംബന്ധിച്ച് വ്യക്തമായ പരിശോധന നടത്തേണ്ടതും വാർഷിക ധനാകാര്യ പത്രികയിൽ വരവുകൾ കൃത്യമാക്കുന്നതിനുള്ള തുടർ നടപടി സ്വീകരിക്കേണ്ടതും വിശദ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. തനത് വരുമാനത്തിന്റെ പ്രധാന നികുതി വരവിനങ്ങളിലൊന്നാണ് തൊഴിൽ നികുതിയെന്നതിനാൽ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥരുടേയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ശ്രദ്ധ ഇതിലേക്ക് ക്ഷണിക്കുന്നു.

## 1-12 തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഓരോ അർദ്ധവർഷവും പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും ബാധകമായ തൊഴിൽനികുതി

ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. പഞ്ചായത്തിന്റെ 2023-24 ലെ തൊഴിൽ നികുതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

## 1-13 വാണിജ്യ സ്ഥാപനം പ്രവർത്തിക്കുന്ന കെട്ടിടത്തിന് തെറ്റായ ഉപയോഗക്രമത്തിൽ വസ്തു നികുതി ഈടാക്കുന്നു.

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ലിയോപോൾ, നെല്ലിപ്പിള്ളിൽ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 4/259/B എന്ന കെട്ടിടം ആഡിറ്റോറിയം എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി അടിസ്ഥാന വസ്തുനികുതിയായി ₹14865/- യാണ് (495.5 ച.മീ. ന് 30 രൂപ നിരക്കിൽ ) നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ അടിസ്ഥാന വസ്തുനികുതിയിന്മേൽ മേൽക്കൂരയുടെ അടിസ്ഥാനത്തിൽ 10% തുക ഇളവ് അനുവദിച്ചും, വഴി സൗകര്യം, തറ നിർമ്മിതി എന്നിവയുടെ അടിസ്ഥാനത്തിൽ 35% തുക വർദ്ധനവും ചേർന്ന തുകയാണ് 2017 ഒന്നാം അർദ്ധവർഷം മുതൽ 2019 രണ്ടാം അർദ്ധവർഷം വരെ ഓരോ അർദ്ധവർഷത്തിലും ₹18582/- (ലൈബ്രറി സെസ് കൂടാതെ) രൂപയും, 2020 ഒന്നാം അർദ്ധവർഷം മുതൽ 2022 രണ്ടാം അർദ്ധവർഷം വരെ ഓരേ അർദ്ധവർഷത്തിലും ₹9291/-(ലൈബ്രറി സെസ് കൂടാതെ) രൂപയും 2023 മുതൽ പ്രതിവർഷം ₹20488/-(ലൈബ്രറി സെസ് കൂടാതെ) രൂപയും ഈടാക്കിയിട്ടുള്ളതാണെന്ന് സഞ്ചയ സോഫ്റ്റ്‌വെയർ വിവരങ്ങളുടെ അടിസ്ഥാനത്തിൽ വ്യക്തമാകുന്നു.

നേരിട്ടുള്ള സ്ഥല പരിശോധനയിൽ നിലവിൽ ഈ കെട്ടിടത്തിൽ ആധുനിക സംവിധാനങ്ങളോടു കൂടിയ മാരുതി നെക്സാ സർവീസ് സെന്റർ എന്ന സ്ഥാപനമാണ് പ്രവർത്തിക്കുന്നതെന്നും, കെട്ടിടത്തിന്റെ ആദ്യ ഭാഗം കേന്ദ്രീകൃത എയർ കണ്ടീഷനിംഗ് സംവിധാനം സ്ഥാപിച്ചിട്ടുള്ളതായും വ്യക്തമായിട്ടുള്ളതാണ്.

ആയതിനാൽ ഗ്രാമപഞ്ചായത്തിലെ ടി കെട്ടിടം “വാണിജ്യാവശ്യം- 100ച.മീ. മുകളിൽ 500ച.മീ. വരെയുള്ളവ”എന്ന ഗണത്തിൽ ഉൾപ്പെടുത്തി ₹84/-നിരക്കിൽ വസ്തുനികുതി പുന:നിശ്ചയിക്കാത്തതിന്റെ കാരണം വ്യക്തമല്ല.

കൂടാതെ ഹരിതകർമസേന മാപ്പ് ചെയ്തിട്ടുള്ള QR Code നം. AVL-0003710 പ്രകാരം 4/260 നമ്പർ കെട്ടിടത്തിൽ മാരുതി നെക്സാ സർവീസ് സെന്റർ എന്ന സ്ഥാപനം പ്രവർത്തിക്കുന്നു എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. (എന്നാൽ 4/260 നമ്പർ കെട്ടിടം നാരായണൻ സുകുമാരൻ, കോഴിപ്പിള്ളാർക്കുടിയിൽ എന്ന വ്യക്തിയുടെ ഉടമസ്ഥതയിൽ പാർപ്പിടാവശ്യ (ഉപയോഗക്രമം) ത്തിലുള്ള കെട്ടിടമായാണ് സഞ്ചയ സോഫ്റ്റ്‌വെയറിൽ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളത്. സഞ്ചയ സോഫ്റ്റ്‌വെയറിലോ ഹരിതകർമസേന മാപ്പ് ചെയ്തിട്ടുള്ള വിവരങ്ങളിലോ അപാകതകളുണ്ടെങ്കിൽ ആയത് പരിഹരിക്കേണ്ടതാണ്).

മേൽ അപകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമായില്ല. തെറ്റായ ഗണത്തിൽപ്പെടുത്തിയുള്ള വസ്തുനികുതി നിർണ്ണയം വഴി തനത് ഫണ്ടിനുണ്ടായ നഷ്ടം തിട്ടപ്പെടുത്തി ഈടാക്കേണ്ടതാണ്. പ്രസ്തുത കെട്ടിടത്തിൽ അനധികൃത നിർമാണം നടന്നിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പ് വരുത്തി, ശരിയായ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി വസ്തു നികുതി പുന:നിർണ്ണയിച്ച് ഉപയോഗക്രമത്തിൽ മാറ്റം വന്നതുമുതൽ ചട്ടപ്രകാരം ഈടാക്കേണ്ടുന്ന വസ്തു നികുതി ഈടാക്കേണ്ടതാണ്. അപാകങ്ങൾ പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-14 രസീത് കാര്യക്ഷമമായി കൈകാര്യം ചെയ്യേണ്ടതാണ്.

പഞ്ചായത്തിലെ ആവോലി ഫെസ്റ്റിനോടനുബന്ധിച്ച് സംഭാവന ഇനത്തിൽ ₹181500.00 യും തറവാടകയിനത്തിൽ ₹9000.00 യും ലഭ്യമായിട്ടുണ്ട്. എന്നാൽ സംഭാവന പിരിക്കുന്നതിന് ഉപയോഗിച്ച രസീത് കൃത്യമായി സ്റ്റോക്കിലെടുത്തല്ല ഉപയോഗിച്ചിട്ടുള്ളത്. ഭാവിയിൽ ഇത്തരം അപാകത ഒഴിവാക്കേണ്ടതും രസീതുബുക്കുകൾ പ്രിന്റ് ചെയ്യുമ്പോൾ കൃത്യമായി സ്റ്റോക്കിലെടുത്ത് മാത്രം ഉപയോഗിക്കേണ്ടതുമാണ്.

## 1-15 ജലജീവൻ മിഷൻ കരാറുകാരനിൽനിന്ന് റോഡ് റെസ്റ്റോറേഷനുള്ള തുക ഈടാക്കിയിട്ടില്ല

കേരള വാട്ടർ അതോറിറ്റി മുഖേന പഞ്ചായത്തിൽ നടപ്പാക്കുന്ന ജല ജീവൻ മിഷൻ പദ്ധതിക്കായി കേരള വാട്ടർ അതോറിറ്റി നിലവിലുള്ള പല റോഡുകളിലും കുഴിയെടുത്തിട്ടുള്ളതാണ്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 6.5.22 –ലെ GO(Rt) 1143]2022/LSGD നമ്പർ ഉത്തരവ് പ്രകാരം റോഡുകളിൽ പൈപ്പുകൾ സ്ഥാപിക്കുമ്പോൾ പ്രസ്തുത റോഡുകൾ കേരള വാട്ടർ അതോറിറ്റി തന്നെ പൂർവ്വസ്ഥിതിയിൽ ആക്കേണ്ടതാണ്. എന്നാൽ കേരള വാട്ടർ അതോറിറ്റി ഈ പ്രവൃത്തികൾ നടത്താത്തതിനാൽ പഞ്ചായത്ത് ഈ ജോലികൾ ഏറ്റെടുത്തു നടത്തേണ്ട സാഹചര്യമാണുള്ളത്. ആയത് ഒഴിവാക്കുന്നതിനായി പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെയും കേരള വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെയും സംയുക്ത പരിശോധന നടത്തിയുള്ള എസ്റ്റിമേറ്റ് തുക കണക്കാക്കിയിട്ടുണ്ട്. പ്രസ്തുത തുക ജല ജീവൻ മിഷൻ കരാറുകാരൻ പഞ്ചായത്തിൽ അടവാക്കണമെന്ന് കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെയും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെയും പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെയും പഞ്ചായത്ത് പ്രസിഡന്റ്, മെമ്പർമാർ എന്നിവരുടെയും 6/7/23 – ലെ സംയുക്ത തീരുമാനം എടുത്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന പ്രകാരമുള്ള അളവിൽ 5 റോഡ് വർക്കുകൾ പഞ്ചായത്തിൽ നിന്നും നടത്തുന്നതിനായി തുക ചെലവാക്കുന്നതിന് പഞ്ചായത്ത് ഭരണസമിതി 19.10.23ൽ 3-ാം നമ്പർ തീരുമാനപ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർക്ക് അനുമതി നൽകിയിട്ടുണ്ട്.

| പ്രവൃത്തിയുടെ പേര് | പ്രവൃത്തിക്ക് വേണ്ടി വകയിരുത്തിയ തുക (₹) | പൈപ്പ് സ്ഥാപിക്കുന്നതിനു വേണ്ടി കുഴിയെടുത്തിട്ടുള്ള റോഡിന്റെ നീളം | അധികമായി ഉൾപ്പെടുത്തേണ്ട തുക (₹) |
|---|---|---|---|
| പ്രോ. നം. 186/24, അട്ടൂർപ്പറമ്പ് ജനത ഇട്ടിയംകാട്ടു താഴം റോഡ്, വാർഡ്4 | 1400000 | 839 M | 444315 |
| വാർഡ് 6 നെടുംചാലി | 350000 | 120 M | 50840 |

| | | | |
|---|---|---|---|
| മഞ്ഞള്ളൂർ ലിങ്ക് റോഡ് | | | |
| പ്രവിടാകുന്ന് റോഡ് റീടാറിംഗ് വാർഡ് 11 | 470000 | 154 M | 80777 |
| ആഞ്ഞിലിത്താഴം റോഡ് റീടാറിംഗ് **വാർഡ് 12** | 675000 | 82 M | 46320 |
| മിനി സ്റ്റേിയം മണ്ടാണി റോഡ് വാർഡ് 12 | 330000 | 154 M | 95205 |
| ആകെ | | | 717457 |

ഇതിൽ അട്ടൂപ്പറമ്പ് ജനതാറോഡ് ഒഴികെ ബാക്കിയുള്ള വേലകളുടെ തുക 2024-25 ലാണ് നൽകിയിരിക്കുന്നത്. ഈ 5 വർക്കുകൾക്കായി ആകെ 717457/- രൂപ വാട്ടർ അതോറിറ്റിയുടെ ജലജീവൻ മിഷൻ കരാറുകാരൻ പഞ്ചായത്തിൽ അടവാക്കേണ്ടതുണ്ട്. ഈ തുക ഇതുവരെയും ടിയാൻ അടവാക്കിയിട്ടില്ല. മേൽപ്പറഞ്ഞ പ്രോജക്ടുകൾക്കായി ചെലവുവരുന്ന ഈ തുക കരാറുകാരനിൽ നിന്ന് ഈടാക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് അധികൃതർ സ്വീകരിക്കേണ്ടതാണ്.

## <u>1-16 ലൈഫ് പദ്ധതി - വീട് പണി പൂർത്തീകരിച്ചിട്ടില്ല</u>

എസ് സി അഡീഷണൽ ലിസ്റ്റിൽ കരാർ വച്ച ധനസഹായം കൈപ്പറ്റിയ 5 ഗുണഭോക്താക്കളുടെ വീട് നിർമ്മാണത്തിൽ ആറു മാസത്തിലധികമായി യാതൊരു പുരോഗതിയുമില്ലായെന്നും എസ് സി പ്രൊമോട്ടർ വഴി നിരവധി തവണ നിർദ്ദേശിച്ചിട്ടും യാതൊരു നടപടികളും ടിയാളുകൾ സ്വീകരിച്ചിട്ടില്ലാത്തതിനാൽ ടിയാളുകൾ ലൈഫ് പദ്ധതി പ്രകാരം കൈപ്പറ്റിയിട്ടുള്ള തുക തിരിച്ചുപിടിക്കുന്നതിനുള്ള നടപടികൾക്ക് അനുമതി നൽകണമെന്ന് നിർവ്വഹണ ഉദ്യോഗസ്ഥനായ വിഇഒ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് വിഇഒ – ക്ക് അനുമതി നൽകിയതായും 29.11.2023 -ലെ 2-ാം നമ്പർ ആയി തീരുമാനം എടുത്തിട്ടുണ്ട്. ഗുണഭോക്താക്കളുടെ വിവരങ്ങൾ താഴെചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവ് | നിലവിലെ സ്റ്റേജ് | അനുവദിച്ചിട്ടുള്ള തുക (₹) |
|---|---|---|---|
| 1 | സജി, കാട്ടുകണ്ടത്തിൽ | തറ | 140000 |
| 2 | നിഷ രജീഷ്, കല്ലുങ്കൽ കുടിയിൽ | ആരംഭിച്ചിട്ടില്ല | 40000 |
| 3 | ഷാനി വെട്ടിക്കുളത്തിൽ | തറ | 80000 |
| 4 | ഷീജ അനു കാടാങ്കൽ | ലിന്റൽ | 220000 |
| 5 | പ്രീയ അനീഷ്, പടിഞ്ഞാറേ പാലമറ്റം | ലിന്റൽ | 200000 |

മേൽപ്പറഞ്ഞ ഗുണഭോക്താക്കളിൽ നിന്നും തുക തിരികെ ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണെന്ന് ഓഡിറ്റ് എൻക്വയറി നം.15(തീയതി 31.07.2024) പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിന് മറുപടി ലഭ്യമാക്കിയതിൻ പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവ് | വി.ഇ. ഒയുടെ മറുപടി വിവരം |
|---|---|---|
| 1 | സജി, കാട്ടുകണ്ടത്തിൽ | നിർമ്മാണം പുനരാരംഭിച്ചിട്ടുള്ളതായി അറിയിച്ചിരിക്കുന്നു |
| 2 | നിഷ രജീഷ്, കല്ലുങ്കൽ കുടിയിൽ | പട്ടിക ജാതി വകുപ്പ് അനുവദിച്ച ഭൂമിയിൽ മണ്ണിടിച്ചിൽ സാഹചര്യമുള്ളതിനാൽ ബ്ലോക്ക് പഞ്ചായത്ത് പദ്ധതിയിൽ Retining Wall നിർമ്മാണം പൂർത്തീകരിക്കുന്ന മുറക്ക് ഭവന നിർമ്മാണം ആരംഭിക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു. |
| 3 | ഷാനി വെട്ടിക്കുളത്തിൽ | ഭർത്താവുമായി വേർപിരിഞ്ഞ് താമസം മാറി പോയിട്ടുള്ളതാണെന്നും, ധനസഹായം തിരിച്ച് പിടിക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു. |
| 4 | ഷീജ അനു കാടാങ്കൽ | ഭവനനിർമ്മാണം പുനരാരംഭിച്ചതായും, മേൽക്കൂര പൂർത്തീകരിച്ചിട്ടുള്ളതായും അറിയിച്ചിരിക്കുന്നു. |
| 5 | പ്രീയ അനീഷ്, പടിഞ്ഞാറേ പാലമറ്റം | ഭവനനിർമ്മാണം പുനരാരംഭിച്ചതായും, മേൽക്കൂര പൂർത്തീകരിച്ചിട്ടുള്ളതായും അറിയിച്ചിരിക്കുന്നു. |

ക്രമ നമ്പർ 3 ലെ വ്യക്തിയുടെ ഭവനനിർമ്മാണം പുരോഗതിയില്ലാത്ത സാഹചര്യത്തിൽ തുടർ നടപടി സ്വീകരിക്കേണ്ടതും, മറ്റു ഗുണഭോക്താക്കളുടെ ഭവന നിർമ്മാണ പുരോഗതി വിലയിരുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## <u>1-17 വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല</u>

സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികളിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് തുക കൈമാറിയിട്ടുണ്ട്. എന്നാൽ പദ്ധതി നടപ്പിലായതിന്റെ പൂർത്തീകരണ സാക്ഷ്യപത്രം, നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ഫയലിൽ ലഭ്യമല്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| തുക കൈപ്പറ്റിയ സ്ഥാപനം | പ്രൊജക്ടിന്റെ പേര്, നമ്പർ | അടങ്കൽ (₹) | മുൻകൂർ നൽകിയ തുക (₹) | ബിൽ നമ്പർ/ വൗച്ചർ നമ്പർ/ ചെക്ക് നമ്പർ/ തീയതി |
|---|---|---|---|---|
| ഐ കെ എം | ഐ കെ എം-ന് തുക നൽകൽ S18/24 | 58320/- (വികസന ഫണ്ട് -സാധാരണ വിഹിതം) | 58320/- | 39/27.06.2023 |
| കെ എസ് ഇ ബി | വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് സ്ഥാപിക്കൽ S025/24 | 300000/- (150000/- തനതുഫണ്ട്, 150000/- ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 299156/- (149156/- തനതുഫണ്ട്, 150000/- ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 1)324/02.03.2024 ₹150000.00 2) Vr.22300944/ 06.03.2024 ₹34244.00 3)Chq.1527474/ 23.03.2024 ₹114932.00 |
| | | ആകെ | 357476/- | |

മേൽ പരാമർശിത പദ്ധതികളുടെ പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ഓഡിറ്റിന് ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ട് 29.07.2024-ൽ

നൽകിയ 9-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രൊജക്ടുകളുടെ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്നത് വരെ ഈ പ്രൊജക്ടുകൾക്ക് നൽകിയ ₹357476.00-യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-18 മഴക്കാലപൂർവ്വ ശുചീകരണം-മുൻകൂർ ക്രമീകരിച്ചില്ല

മഴക്കാലപൂർവ്വ ശുചീകരണത്തിനായി വൗച്ചർ നമ്പർ 22300138 തീയതി 31.05.2023 (ചെക്ക് നമ്പർ 842747 തീയതി 31.05.2023) പ്രകാരം ₹140000.00 വാർഡ് സാനിട്ടേഷൻ കമ്മിറ്റിക്ക് മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ ഈ മുൻകൂർ തുക വാർഷിക ധനകാര്യപത്രികയിൽ ക്രമീകരിച്ചിട്ടില്ല. ഈ മുൻകൂർ ക്രമീകരിക്കാൻ അവശേഷിക്കുമ്പോൾ തന്നെ 21.05.2024-ൽ ചെക്ക് നമ്പർ 141513 തീയതി 15-05-2024 മുഖേന ₹280000.00 മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ചതിന്റെ വൗച്ചറുകളും, പാസ് ബുക്കും ഓഡിറ്റിന് നിർവ്വഹണോദ്യോഗസ്ഥൻ ഹാജരാക്കിയിരുന്നു. എന്നാൽ ധനകാര്യപത്രികയിൽ മുൻകൂർ ക്രമീകരിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് 25.07.2024-ൽ 2-ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കിയെന്നും ശുചിത്വമിഷനിൽ നിന്നും അനുവദിച്ച തുക ട്രഷറി നിയന്ത്രണം മൂലം യഥാസമയം മാറാൻ സാധിച്ചിരുന്നില്ലെന്നും അറിയിച്ചിട്ടുണ്ട്. ടി തുക ലഭിക്കുന്ന മുറയ്ക്ക് അഡ്വാൻസ് ക്രമീകരിക്കുന്നതാണെന്നും മറുപടിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മുൻകൂർ ക്രമീകരിച്ച് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-19 സർക്കാർ ഉത്തരവിന് വിരുദ്ധമായി ഡ്രൈവർക്ക് യാത്രാബത്ത അനുവദിച്ചു.

പഞ്ചായത്തിലെ തനത് ഫണ്ട് വൗച്ചറുകളുടെ പരിശോധനയിൽ ഡ്രൈവറുടെ യാത്രാബത്ത ഇനത്തിൽ വൗച്ചർ നമ്പർ 22301052 തീയതി 22.03.2024 പ്രകാരം ₹11195/- നൽകിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടു. ധനകാര്യം(വ്യയം-സി)വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 2204261/വ്യയം -സി1/102/2022-ധന തീയതി 27.10.2022 നമ്പർ കത്തിൽ സർക്കാർ വകുപ്പ് തല ഡ്രൈവർമാർ ദൈനംദിന ജോലിയുടെ ഭാഗമായാണ് വാഹനം ഓടിക്കുന്നതെന്നും ഇത്തരത്തിൽ ദൈനംദിന ജോലിയുടെ ഭാഗമായി വാഹനമോടിക്കുമ്പോൾ യാത്രാബത്ത അനുവദനീയമല്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഈ വ്യവസ്ഥകൾ സർക്കാരിന് കീഴിലുള്ള എല്ലാ വകുപ്പുകളിലെയും ഡ്രൈവർമാക്ക് ബാധകമാണെന്ന് 15.02.2024 ലെ 2629474/വ്യയം - സി.1/ 104/2023/ധന. നമ്പർ കത്തിലും വ്യക്തമാക്കുന്നുണ്ട്. സർക്കാർ വാഹനം ദീർഘദൂരം ഓടിക്കേണ്ടിവരുമ്പോൾ 'ഹാൾട്ട്' വരുന്ന അവസരങ്ങളിൽ മാത്രമാണ് കെ എസ് ആർ, ഭാഗം II ലെ ചട്ടങ്ങൾ അനുസരിച്ചുള്ള ഇൻസിഡെന്റൽ എക്സ്പെൻസസ്, ദിനബത്ത എന്നിവയ്ക്ക് അർഹത. മേൽ പരാമർശിത ബില്ലുകളിലെ യാത്രകളൊന്നും 'ഹാൾട്ട്' വരുന്ന ദീർഘദൂര യാത്രകൾ അല്ലാത്തതിനാൽ യാത്രാബത്ത അനുവദനീയമല്ല. ആയതിനാൽ ഇത്തരത്തിൽ യാത്രാബത്ത അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് 28.07.2024-ൽ 8-ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. കെ എസ് ആർ ഭാഗം 2, ചട്ടം 51 പാലിച്ചുകൊണ്ടും സർക്കുലർ നം.31/88/ധന തീയതി 10.05.1988 പ്രകാരവും ആണ് യാത്രാബത്ത അനുവദിച്ചതെന്നും തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. യാത്രാബത്ത നൽകിയത് സർക്കാർ

ഉത്തരവിന് വിരുദ്ധമായതിനാൽ ഈയിനത്തിലെ ₹11195/-യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-20 വെള്ളക്കരം കുടിശ്ശിക ക്രമീകരിക്കേണ്ടതാണ്.

പഞ്ചായത്തിലെ ഉപയോഗശൂന്യമായ പൊതുടാപ്പുകൾ വിച്ഛേദിച്ചതിന് ശേഷം വാട്ടർ അതോറിറ്റിയിൽ നിന്ന് മാർച്ച് 2024-ൽ ലഭിച്ചിട്ടുള്ള 07.03.2024 തീയതിയിലെ ബിൽ പ്രകാരം (ബിൽ നമ്പർ 82915) ₹3948399.00 കുടിശ്ശികയും ₹77456.00 ഫൈനും അടവാക്കേണ്ടതായി ഉണ്ട്. 15 ടാപ്പുകളുടെ പ്രതിമാസ വെള്ളക്കരം ₹18199.00 ഉൾപ്പെടെ ആകെ ₹4044054.00 രൂപയുടെ ബില്ലാണ് ലഭ്യമായിട്ടുള്ളത്. നിലവിൽ വാട്ടർ അതോറിട്ടിയുമായി ബന്ധപ്പെട്ട് കുടിശ്ശിക തീർപ്പാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് 28.07.2024-ൽ 10-ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നതിന് മറുപടി ലഭ്യമായില്ല. കുടിശ്ശിക തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും ആയത് തീർപ്പാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-21 ഇലക്ഷൻ നിക്ഷേപം മുതൽക്കൂട്ടിയില്ല

വാർഷിക ധനകാര്യ പത്രികയിലെ ബി.7 ഷെഡ്യൂൾ പ്രകാരം ഇലക്ഷൻ ഡെപ്പോസിറ്റ് (340100303) ഇനത്തിൽ ₹32000.00 ബാദ്ധ്യത ഉണ്ട്. 2020 നവംബർ മാസത്തിൽ ലഭിച്ചിട്ടുള്ള തുകയാണിത്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 144(4) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടക്കുന്ന തെരഞ്ഞെടുപ്പിൽ ആകെ പോൾ ചെയ്യപ്പെട്ട സാധുവായ വോട്ടുകളുടെ 1/6 എണ്ണം വോട്ടുകൾ കരസ്ഥമാക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപ തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടേണ്ടതാണ്. വരണാധികാരിയിൽ നിന്നും ലഭിക്കുന്ന തെരഞ്ഞെടുപ്പ് ഫലത്തിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പിൽ നിശ്ചിത എണ്ണം വോട്ട് ലഭിക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപം നാളിതുവരെ തനത് ഫണ്ടിൽ മുതൽക്കൂട്ടാതിരുന്നതിന്റെ കാരണം വിശദമാക്കുവാൻ ആവശ്യപ്പെട്ട് 25.07.2024-ൽ 6-ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നതിന് വിഷയത്തിൽ തുടർ നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. തുടർനടപടി സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-22 പൊതുടാപ്പ് പൂട്ടൽ പ്രൊജക്റ്റ്- അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം | SO145/24 |
| പേര് | പൊതുടാപ്പ് പൂട്ടൽ |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | ₹350000/- (തനതുഫണ്ട്) |
| ചെലവ് | ₹200000/- |
| ബിൽ നമ്പർ/തീയതി | 42300168/23.06.2023 |

പഞ്ചായത്തിലെ പൊതുടാപ്പുകളിൽ 76 എണ്ണം ടാപ്പുകൾ വിച്ഛേദിക്കുന്നതിന് ഈ പ്രൊജക്റ്റ് മുഖേന വാട്ടർ അതോറിറ്റിക്ക് തുക നൽകിയിട്ടുണ്ട്. ഇതിൽ താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1) പി.ഡബ്ല്യു.ഡി മാനുവൽ സെക്ഷൻ 1601.4 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ

നിന്ന് ഈടാക്കാവുന്ന സെന്റേജ് ചാർജ് 10% മാത്രമാണ്. മേൽ പ്രോജക്ടിൽ താഴെ ചേർത്തിട്ടുള്ള പ്രകാരം 11.02% സെന്റേജ് ചാർജ് നൽകിയിട്ടുണ്ട്.

| എസ്റ്റിമേറ്റ് തുക | സെന്റേജ് ചാർജ് നൽകിയത് (11.02%) | സെന്റേജ് ചാർജ് നൽകാവുന്നത് (10%) | അധികം നൽകിയത് |
|---|---|---|---|
| ₹250673.42 | ₹27624.21 | ₹25067.34 | ₹2556.87 |

2) പ്രവൃത്തി പൂർത്തീകരിച്ച് 16.02.2024-ൽ വാട്ടർ അതോറിറ്റി നൽകിയ A2-14239/2023 നമ്പർ കത്തിൽ ₹166870.00 ചെലവഴിച്ചതായും ₹33130.00 തിരികെ നൽകുന്നതായും അറിയിച്ചിട്ടുണ്ട്. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ ഈ തുക ക്രമീകരിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണവും ഈ പ്രൊജക്ട് മുഖേന വാട്ടർ അതോറിറ്റി വിച്ഛേദിച്ച ആകെ പൊതുടാപ്പുകളുടെ എണ്ണം അറിയിക്കുവാനും ആവശ്യപ്പെട്ട് 25.07.2024-ൽ 3-ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. വാട്ടർ അതോറിറ്റി ₹166870/- ചെലവഴിച്ച് ₹33130/- തിരികെ നൽകുന്നതായി അറിയിച്ചെങ്കിലും തുക തിരികെ ലഭ്യമായിട്ടില്ലെന്നാണ് പഞ്ചായത്ത് മറുപടിയിൽ അറിയിച്ചിട്ടുള്ളത്. അധികം നൽകിയ സെന്റേജ് ചാർജ് തിരികെ ആവശ്യപ്പെടുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. നിർവ്വഹിച്ച പ്രവൃത്തിയുടെ മൂല്യനിർണ്ണയം ഉൾപ്പെടെയുള്ള രേഖകൾ ലഭ്യമാക്കി അധികം നൽകിയ സെന്റേജ് ചാർജ് തിരികെ ഈടാക്കേണ്ടതാണ്. വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക തിരികെ ലഭ്യമാക്കേണ്ടതും വിച്ഛേദിച്ച ടാപ്പുകളുടെ എണ്ണം കണക്കാക്കി രജിസ്റ്റർ കാലികമാക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ / തീയതി |
|---|---|---|
| 2023-2024 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത് | | |

## 4-2 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റ് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| 1 | ജില്ലാ പഞ്ചായത്ത് (എറണാകുളം) | 2023-24 | 200000 | 109/24 ലൈഫ് ഭവനപദ്ധതി – ജനറൽ | 200000 | 0 |
| | | | 120000 | 111/24 ലൈഫ് ഭവനപദ്ധതി – എസ് സി | 120000 | 0 |
| | | | 145104 | 96/24, സമഗ്ര നെൽകൃഷി വികസനം | 145104 | 0 |
| | | | 150000 | 41/24 ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് | 150000 | 0 |
| | | | 150000 | 11/24 പാലിന് സബ്സിഡി | 150000 | 0 |
| | | | 58000 | 27/24 ഡയാലിസിസ് രോഗികൾക്ക് ധനസഹായം | 58000 | 0 |
| | | | 41500 | 85/24 എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 41500 | 0 |
| | ആകെ | | 864604 | | 864604 | |
| 2 | ബ്ലോക്ക്പഞ്ചായത്ത് (മൂവാറ്റുപുഴ ബ്ലോക്ക്) | 2023-24 | 520000 | 109/24 ലൈഫ് ഭവനപദ്ധതി – ജനറൽ | 520000 | 0 |
| | | | 72552 | 96/24, സമഗ്ര നെൽകൃഷി വികസനം | 72552 | 0 |
| | | | 124500 | 85/24 എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 124500 | 0 |
| | | | 200000 | 11/24 പാലിന് സബ്സിഡി | 200000 | 0 |
| | | | 450000 | 41/24 ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് | 450000 | 0 |
| | | | 260000 | 111/24 ലൈഫ് ഭവനപദ്ധതി – | 260000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | എസ് സി | | |
| ആകെ | | 1627052 | | 1627052 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികളുടെ വിവരം

മരാമത്ത് പ്രവൃത്തികൾ നടത്തുന്നതിനായി ഗ്രാമപഞ്ചായത്ത് ഓഡിറ്റ് വർഷത്തിൽ നിക്ഷേപിച്ചിട്ടുള്ള തുക, ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുകകളുടെയും വിവരം ചുവടെ ചേർക്കുന്നു.

| വർഷം | പ്രവൃത്തിയുടെ പേര് | യുടിആർ നമ്പർ/ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 23-24 | പൊതുടാപ്പ് പൂട്ടൽ (എസ്145/24) | 42300168/ 23.06.2023 | ₹200000.00 | 0 | ₹200000.00 |
| 22-23 | വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് സ്ഥാപിക്കൽ (എസ്.25/24) | 42301249/ 31.03.2024 | ₹150000.00 | 0 | ₹150000.00 |
| ആകെ | | | ₹350000.00 | - | ₹350000.00 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃസമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ /തീയതി | തൻവർഷ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക +തൻ വർഷ വരവ് | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവനപദ്ധതി (കെയുആർ ഡിഎഫ്സി) | ജി.ഒ.6105/2019 /ധനം/ 1.08.2019 | ₹660000 | ₹27093296 | ₹3027726 | 0 | ₹24725570 |
| ലൈഫ് ഭവനപദ്ധതി (ഹഡ്കോ) | | ₹3340000 | ₹3600000 | 0 | 0 | ₹6940000 |

<u>ഉത്ഭവത്തിൽ നിന്ന് കുറവ് ചെയ്ത തുകയുടെ വിവരം</u>

| പ്രൊജക്ട് നമ്പർ | പ്രൊജക്ടിന്റെ പേര് | തുക(₹) |
|---|---|---|
| 245/24 | ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് (ജനറൽ) | 859489 |
| 248/24 | ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് (ജനറൽ) രണ്ടാം ഗഡു | 859489 |
| 251/23 | ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് (ജനറൽ) മൂന്നാം ഗഡു | 859488 |
| 246/24 | ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് (എസ്.സി.പി) | 149754 |
| 249/24 | ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് (എസ്.സി.പി) രണ്ടാം ഗഡു | 149754 |
| 246/24 | ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് (എസ്.സി.പി) മൂന്നാം ഗഡു | 149752 |
| | **ആകെ** | **₹3027726** |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം വരവ് ഇല്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

ഇല്ല

## 4-9 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | : | ₹41287026.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | : | ₹39780572.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹ 368691.00 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| ഇല്ല | | | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | ₹11195.00 | ശ്രീ ബാബുജി ടി എസ്, സെക്രട്ടറി-ഇൻ-ചാർജ് |

| | | |
|---|---|---|
| 1-17 | ₹58320.00 | ശ്രീ.വി ആർ മനോജ്,<br>സെക്രട്ടറി-ഇൻ-ചാർജ് |
| 1-17 | ₹150000.00 | ശ്രീ.കാർത്തികേയൻ വി,<br>സെക്രട്ടറി |
| 1-17 | ₹34244.00 | ശ്രീ.കാർത്തികേയൻ വി,<br>സെക്രട്ടറി |
| 1-17 | ₹114932.00 | ശ്രീ ബാബുജി ടി എസ്,<br>സെക്രട്ടറി-ഇൻ-ചാർജ് |
| **ആകെ** | **₹ 368691.00** | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**
ഇല്ല

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**
ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ ബാബുജി ടി എസ്,<br>സെക്രട്ടറി-ഇൻ-ചാർജ് | അസിസ്റ്റന്റ് സെക്രട്ടറി,<br>ആവോലി ഗ്രാമപഞ്ചായത്ത് | തെക്കേച്ചുള്ളിതയ്യിൽ,<br>മാരാരിക്കുളം നോർത്ത്,<br>ആലപ്പുഴ<br>688523 |
| ശ്രീ.വി ആർ മനോജ്,<br>സെക്രട്ടറി-ഇൻ-ചാർജ് | സെക്രട്ടറി,<br>ഈസ്റ്റ് ഏളേരി<br>ഗ്രാമപഞ്ചായത്ത് | വിമലാലയം,<br>തിരുമാറാടി<br>686662 |
| ശ്രീ.കാർത്തികേയൻ വി,<br>സെക്രട്ടറി | സെക്രട്ടറി,<br>ആവോലി ഗ്രാമപഞ്ചായത്ത് | വെളുത്തേടത്ത് നികർത്ത,<br>തുറവൂർ പി ഒ,<br>ആലപ്പുഴ<br>688532 |

## <u>4-11 തീർപ്പാക്കുവാൻ ശേഷിക്കുന്ന റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1972-73 | എൽ.എഫ്.ഇ.(പി.4)258/86/ 13-01-1987 |
| 1982-83 | എൽ.എഫ്.ഇ. (പി.4)1534/86/24-04-1987 |
| 1983-84 | എൽ.എഫ്.ഇ.(പി.4)2383/87/ 10-02-1988 |
| 1984-85 | എൽ.എഫ്.ഇ.(പി.4)126/88/ 13-05-1988 |

| | |
|---|---|
| 1985-86 | എൽ.എഫ്.ഇ.(പി.4)346/89 / 21-08-1989 |
| 1986-87 | എൽ.എഫ്.ഇ.(പി.4)609/91/ 6-06-1991 |
| 1987-88 | എൽ.എഫ്.ഇ.(പി.4)1122/91/ 17-01-1992 |
| 1988-89, 1989-90 | എൽ.എഫ്.ഇ.(പി.4)258/86 / 13-01-1993 |
| 1990-91, 1991-92 | എൽ.എഫ്.ഇ.(പി.4)434/93 / 31-10-1995 |
| 1992-93 | എൽ.എഫ്.ഇ.(പി.3)445/96 / 19-07-1996 |
| 1996-97 ചെലവ് | എൽ.എഫ്.ഇ.(പി.5)1150/97/ 19-04-1999 |
| 1997-98, 1998-99 | എൽ.എഫ്.ഇ.(പി.5)1059/02 / 2-12-2002 |
| 1999-00 പ്ലാൻ | എൽ.എഫ്.ഇ.(പി.5)183/05 / 17-08-2005 |
| 1996-97 വരവ് | എൽ.എഫ്.ഇ.(പി.5)1213/7/ 12-02-2008 |
| 1997-98 | എൽ.എഫ്.ഇ.(പി.5)1214/07/ 12-02-2008 |
| 1998-99 | എൽ.എഫ്.ഇ.(പി.5)1215/07/ 12-02-2008 |
| 2000-01 | കെ.എസ്.എ.ഇ.കെ.എം.(പി.8) 718 (1) /2018/10.07.19 |
| 2003-04 | കെ.എസ്.എ.ഇ.കെ.എം.(പി.8) 718 (4) /2018/10.07.19 |
| 2004-05 | കെ.എസ്.എ.ഇ.കെ.എം.(പി.8) 718 (5) /2018/10.07.19 |
| 2005-06, 2006-07, 2007-08, 2008-09 | എൽ.എഫ്.ഇ.(പി.5)180/09 / 14-05-2010 |
| 2009-10, 2010-11, 2011-12 | എൽ.എഫ്.ഇ.(പി.8)689/13 / 25-11-2013 |
| 2012-13, 2013-14 | എൽ.എഫ്.ഇ.(പി.8)1791/14/ 15-12-2014 |
| 2014-15 | എൽ.എഫ്.ഇ.(പി.8)1193/16/ 19-07-2016 |
| 2015-16 | കെ എസ് എ (ഇ.കെ.എം)(പി.8) 1905/16/ 28-11-2016 |
| 2016-17 | കെ എസ് എ-(ഇ.കെ.എം)(പി.8) 2181/17/ 29-11-2017 |
| 2017-18 | കെ എസ് എ -ഇ.കെ.എം(പി.8) 1170/19/ 02.08.2019 |
| 2018-19 | കെ എസ് എ -ഇ.കെ.എം(പി.8) 123/19/ 14.02.2020 |
| 2019-20 | കെ.എസ്.എ.-ഇ.കെ.എം.(പി8) 984/2021 തീയതി 27.08.2021 |
| 2020-21 | കെ.എസ്.എ.-ഇ.കെ.എം.(പി8) 985/2021 തീയതി 27.08.2021 |
| 2021-22 | കെ.എസ്.എ.-ഇ.കെ.എം.(പി8) 330/2023 തീയതി 17.04,2023 |

| | |
|---|---|
| 2022-23 | കെ.എസ്.എ.-ഇ.കെ.എം.(പി8) 1670/2023<br>തീയതി<br>15.12.2023 |

.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 2 dated 14-06-2024 and submitted on 21-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Avoly Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Avoly Grama Panchayat as on 31-03-2024

**Date: 20/09/2024** **Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Avoly Grama Panchayat for the Year 2023-2024.

### 1.Major Observations

1. Lack of free and independent access to Accounting and all other Softwares which have direct or indirect impact on financial reports and information.
2. Lack of Panchayath Raj Budget rules adversely affecting budgetary control system.
3. The asset value shown in Balance sheet is not traceable to asset register due to unsupported design of existing asset register.
4. Non inclusion of Notes to Accounts in Financial statements and non disclosure of material facts.

### 2.Other Observations

1. Property Tax amount in Sanchaya and Saankhya differs
2. CFC Grant amount recorded is not accurate
3. Discrepency in Cash Flow statement
4. LGTSB account shows minus balance.
5. DCB of various receipt items does not tally with registers.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ ആവോലി ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/ തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്